ഭരണഭാഷ - മാതൃഭാഷ

നം. എസ്.എഫ്.3-2963/2017

അസി. ഫോറസ്റ്റ് കൺസർവേറ്ററുടെ കാര്യാലയം
സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ, തൃശ്ശൂർ.
ഇമെയിൽ : acf.sf-tsr.for@kerala.gov.in

തീയതി : 19/09/2017

---

സ്വീകർത്താവ്

ഹെഡ്മാസ്റ്റർ / ഹെഡ്മിസ്ട്രസ് / പ്രിൻസിപ്പാൾ

സർ,

വിഷയം : വന്യജീവി വാരാഘോഷം 2017 - ജില്ലാതല മത്സരങ്ങൾ - സംബന്ധിച്ച് സൂചന :

ഈ വർഷത്തെ (2017) വന്യജീവി വാരാഘോഷം സമുചിതമായി ആഘോഷിക്കുന്നതിന്റെ ഭാഗമായി തൃശൂർ ജില്ലയിലെ ലോവർ പ്രൈമറി/ അപ്പർ പ്രൈമറി/ ഹൈസ്കൂൾ/ കോളേജ് വിദ്യാർത്ഥികൾക്കായി 2017 ഒക്ടോബർ 2, 3 തീയതികളിൽ തൃശൂർ ഗവ. മോഡൽ ബോയ്സ് ഹൈസ്കൂളിൽ വെച്ച് താഴെപറയുന്ന വിവിധ മത്സരങ്ങൾ നടത്തുന്നതാണ്. മത്സര ഇനവും, നിബന്ധനകളും താഴെ ചേർക്കുന്നു.

**2.10.2017 തിങ്കൾ**

8.30 AM - രജിസ്ട്രേഷൻ

9.30 മുതൽ 11.30 വരെ പെൻസിൽ ഡ്രോയിംഗ് (എൽ.പി/യു.പി/ഹൈസ്കൂൾ/കോളേജ്)

11.45 മുതൽ 12.45 വരെ ഉപന്യാസം (ഹൈസ്കൂൾ/കോളേജ്)

2.15 മുതൽ 4.15 വരെ വാട്ടർ കളർ പെയിന്റിംഗ് (എൽ.പി/യു.പി/ഹൈസ്കൂൾ/കോളേജ്)

**3.10.2017 ചൊവ്വ**

9 AM - രജിസ്ട്രേഷൻ

10.00 മുതൽ 1.00 വരെ ക്വിസ് (ഹൈസ്കൂൾ/കോളേജ്)

2.00 മുതൽ 4.00 വരെ പ്രസംഗം (ഹൈസ്കൂൾ/കോളേജ്)

**നിബന്ധനകൾ**

- തൃശൂർ ജില്ലയിലെ എല്ലാ സർക്കാർ/ എയ്ഡഡ്/ അംഗീകൃത സ്വാശ്രയ-സ്കൂൾ/ കോളേജ്/ പ്രൊഫഷണൽ കോളേജ് വിദ്യാർത്ഥികൾക്ക് മത്സരങ്ങളിൽ പങ്കെടുക്കാം. പങ്കെടുക്കുന്ന വിദ്യാർത്ഥികൾ സ്ഥാപനമേധാവിയിൽ നിന്നും തങ്ങളുടെ പേര്, വിലാസം, വിദ്യാലയം, ക്ലാസ്, മത്സരഇനം എന്നിവ വ്യക്തമാക്കുന്ന സാക്ഷ്യപത്രം രജിസ്ട്രേഷനുമുമ്പായി ഹാജരാക്കേണ്ടതാണ്.
- ഹയർ സെക്കന്ററി (പ്ലസ്‌വൺ, പ്ലസ്ടു), വൊക്കേഷണൽ ഹയർ സെക്കന്ററി എന്നിവ കോളേജ് വിഭാഗത്തിലായിരിക്കും ഉൾപ്പെടുക.
- ഒരു സ്ഥാപനത്തിൽ നിന്നും ഓരോ ഇനത്തിലും (ക്വിസ് മത്സരം ഒഴികെ) പരമാവധി 2 വിദ്യാർത്ഥികളെ മാത്രമെ പങ്കെടുപ്പിക്കുകയുള്ളൂ. ക്വിസ് മത്സരത്തിൽ 2 പേർ അടങ്ങുന്ന ഒരു ടീമിനെ പങ്കെടുപ്പിക്കാവുന്നതാണ്. ഏതെങ്കിലും കാരണവശാൽ രണ്ടുപേരടങ്ങുന്ന ടീം ഇല്ലെങ്കിൽ ഒരംഗമായാലും പങ്കെടുക്കാവുന്നതാണ്. മത്സരങ്ങളുടെ മാധ്യമം മലയാളമായിരിക്കും.
- മത്സരങ്ങളിൽ വിജയിച്ച് ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ നേടുന്നവർക്ക് യഥാക്രമം 2000/-, 1000/- 500/- രൂപ വീതം ക്യാഷ് അവാർഡും, സർട്ടിഫിക്കറ്റും നൽകുന്നതാണ്.
- മത്സരങ്ങൾക്ക് ആവശ്യമായ പേപ്പർ സംഘാടകർ നൽകുന്നതും, മറ്റ് സാമഗ്രികൾ മത്സരാർത്ഥികൾ തന്നെ കൊണ്ടുവരേണ്ടതാണ്.

കൂടുതൽ വിവരങ്ങൾ ആവശ്യമുള്ളവർ 0487 - 2320609 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടേണ്ടതാണ്.

വിശ്വസ്തതയോടെ,

(ഒപ്പ്)

എ. ജയമാധവൻ

അസി. ഫോറസ്റ്റ് കൺസർവേറ്റർ

2619

AS